LIBRARY ARCHIVES Kerala Legislative Assembly

സ്ഥലങ്ങളിലോ ചെന്നിട്ട് ഇതുപോലെയുള്ള അക്രമം കാണിക്കാതിരിക്കാൻ ക്ഷമിക്കണമെന്നുതന്നെയാണ് അവരോട് ഉപദേശിക്കാൻ പോകുന്നത്. ഇനിയും അതുതന്നെ ഉപദേശിക്കും. പക്ഷേ, പോലീസിന്റെ ക്രൂരമായ ചെയ്തികൾ, കുനിച്ചുനിർത്തി ഇടിക്കുന്നതു കണ്ടില്ലേ, ഇതുപോലുള്ള സംഭവങ്ങൾ ഉണ്ടാകുമ്പോൾ, ചിലപ്പോൾ ശരീരം നോവുമ്പോൾ, പോലീസാണ് പട്ടാളമാണ് എന്നൊന്നും നോക്കാതെ, അതിനുശേഷം ജീവൻ നഷ്ടപ്പെടുമോയെന്നൊന്നും നോക്കാതെ മറിച്ചും ചില സംഭവങ്ങൾ ഉണ്ടാകുന്നുവെന്നുള്ളത് സ്വാഭാവികമാണ്. ഏതായാലും ഈ പ്രശ്നത്തെ സംബന്ധിച്ച് സത്യസന്ധമായ അന്വേഷണം നടത്തി കുറ്റക്കാരായിട്ടുള്ള പോലീസുകാരെ കർശന നടപടികൾക്ക് വിധേയമാക്കുമെങ്കിൽ കണിശമായും എസ്.എഫ്.ഐ. പ്രവർത്തകരുടെ ഭാഗത്തുനിന്നും എന്തെങ്കിലും പിശക് വന്നിട്ടുണ്ടെങ്കിൽ അവരോട് അതു സംബന്ധിച്ച് സമാധാനം ചോദിക്കാനും അവരുടെ തെറ്റ് തിരുത്തിക്കാനും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. ഏതായാലും മുഖ്യമന്ത്രിയുടെ ഉപദേശമനുസരിച്ച് ഈ പ്രശ്നത്തിൻമേൽ വാക്കൗട്ട് നടത്താൻ ഉദ്ദേശിക്കുന്നില്ല.

III ഉത്തരങ്ങളിലെ തിരുത്ത്

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി): പതിനൊന്നാം കേരള നിയമസഭയുടെ അഞ്ചാം സമ്മേളനത്തിൽ 6-3-2003-ൽ മറുപടി നൽകിയ നക്ഷത്രചിഹ്നമിടാത്ത 3026-ാം നമ്പർ ചോദ്യത്തിന്റെ മറുപടിയിലും നടപ്പു സമ്മേളനത്തിൽ 19-1-2004-ൽ മറുപടി നൽകിയ നക്ഷത്ര ചിഹ്നമിടാത്ത 1, 2, 12 എന്നീ നമ്പർ ചോദ്യങ്ങളുടെ മറുപടികളിലും പിശക് കടന്നുകൂടിയിട്ടുണ്ട്. അവയുടെ തിരുത്തിയ ഉത്തരങ്ങൾ മേശപ്പുറത്തുവയ്ക്കുന്നു.

IV ചരമോപചാരം

കാന്തലോട്ട് കുഞ്ഞമ്പു, ഡോ. എ. സുബ്ബറാവു, ഇ. പി. ഈപ്പൻ, പി. കെ. ശങ്കരൻകുട്ടി, എ. ജോർജ്ജ്, ശ്രീവല്ലഭമേനോൻ, കെ. കെ. രാമകൃഷ്ണൻ എന്നിവരുടെ നിര്യാണം

മി. സ്പീക്കർ: മുൻമന്ത്രിമാരായ കാന്തലോട്ട് കുഞ്ഞമ്പു, ഡോ. എ. സുബ്ബറാവു, മുൻ കേരള നിയമസഭാംഗങ്ങളായ ഇ. പി. ഈപ്പൻ, പി. കെ. ശങ്കരൻകുട്ടി, എ. ജോർജ്ജ്, മുൻ തിരു-കൊച്ചി നിയമസഭാംഗങ്ങളായ ശ്രീവല്ലഭമേനോൻ, കെ. കെ. രാമകൃഷ്ണൻ എന്നിവർ അടുത്തയിടെ നിര്യാതരായി.

കാന്തലോട്ട് കുഞ്ഞമ്പു:

പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം രാഷ്ട്രീയ രംഗത്തേയ്ക്കു കടന്നുവന്ന കാന്തലോട്ട് കുഞ്ഞമ്പു 1932-ൽ കോൺഗ്രസ്സിൽ അംഗമായി. എട്ടു വർഷക്കാലം അദ്ദേഹം കോൺഗ്രസ്സിന്റെ സന്നദ്ധഭടനായിരുന്നു. 1935-ൽ കുഞ്ഞമ്പു ഒരു തുണിമില്ലിൽ ജോലി നേടുകയും ട്രേഡ് യൂണിയൻ രംഗം തന്റെ പ്രവർത്തനമേഖലയായി

തെരഞ്ഞെടുക്കുകയും ചെയ്തു. തൊഴിലാളി സമരങ്ങളിൽ പങ്കെടുത്തതിനും ബ്രിട്ടീഷുകാർക്കെതിരെ പ്രസംഗിച്ചതിനും അദ്ദേഹത്തെ കുറ്റവാളിയായി പ്രഖ്യാപിക്കുകയുണ്ടായി. 1946-ൽ കരിവെള്ളൂർ വെടിവയ്പിനെ തുടർന്ന് രണ്ടുവർഷക്കാലം ഒളിവിലായിരുന്ന അദ്ദേഹം പലതവണ ജയിൽവാസം അനുഷ്ഠിച്ചിട്ടുണ്ട്. 1977-ൽ കുഞ്ഞമ്പു നാദാപുരം നിയോജകമണ്ഡലത്തിൽനിന്ന് കേരള നിയമസഭയിലേയ്ക്ക് ആദ്യമായി തെരഞ്ഞെടുക്കപ്പെട്ടു. അദ്ദേഹം ശ്രീ. കെ. കരുണാകരൻ, ശ്രീ. എ. കെ. ആന്റണി, ശ്രീ. പി. കെ. വാസുദേവൻനായർ എന്നിവരുടെ നേതൃത്വത്തിലുള്ള മന്ത്രിസഭകളിൽ വനം വകുപ്പിന്റെ ചുമതലയുള്ള മന്ത്രിയായി പ്രവർത്തിച്ചു. കർഷക സംഘത്തിന്റെ ആദ്യകാല നേതാക്കളിൽ ഒരാളായിരുന്ന കുഞ്ഞമ്പു വിവിധ തൊഴിലാളി സംഘടനകൾക്ക് നേതൃത്വം നൽകിയിട്ടുണ്ട്. കണ്ണൂർ ജില്ലയിൽ കമ്മ്യൂണിസ്റ്റ് പാർട്ടി കെട്ടിപ്പടുക്കുന്നതിൽ മുഖ്യപങ്ക് വഹിച്ച അദ്ദേഹം പാർട്ടിയിൽ ഭിന്നിപ്പുണ്ടായപ്പോൾ സി.പി.ഐ. പക്ഷത്താണ് നിലയുറപ്പിച്ചത്. കാന്തലോട്ട് കുഞ്ഞമ്പുവിന്റെ നിര്യാണംമൂലം ഇടതുപക്ഷ പ്രസ്ഥാനങ്ങൾക്ക് ശക്തനായ ഒരു സാരഥിയെ നഷ്ടമായിരിക്കുകയാണ്.

ഡോ. എ. സുബ്ബറാവു:

ക്വിറ്റ് ഇന്ത്യ സമരത്തിൽ പങ്കെടുത്തുകൊണ്ടാണ് ഡോ. സുബ്ബറാവു രാഷ്ട്രീയ രംഗത്തേയ്ക്ക് കടന്നുവന്നത്. വിദ്യാഭ്യാസാനന്തരം മഞ്ചേശ്വരത്ത് പ്രാക്ടീസ് ആരംഭിച്ച ഡോ.റാവു 1951-ൽ ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ അംഗമായി. 1958 മുതൽ ആറുവർഷം രാജ്യസഭാംഗമായിരുന്ന അദ്ദേഹം 1980-ൽ ആദ്യമായി കേരള നിയമസഭയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ടു. അന്ന് ശ്രീ.ഇ.കെ. നായനാരുടെ മന്ത്രിസഭയിൽ ജലസേചന വകുപ്പിന്റെ ചുമതല വഹിക്കുകയും ചെയ്തു. 1982-ലും മഞ്ചേശ്വരത്തിന്റെ പ്രതിനിധിയായി അദ്ദേഹം നിയമസഭയിലെത്തി. ഭാഷാ ന്യൂനപക്ഷങ്ങളുടെ പ്രശ്നങ്ങൾ സഭാതലത്തിൽ ഉന്നയിക്കാനും അവയ്ക്ക് പരിഹാരം തേടാനും അദ്ദേഹം പ്രത്യേക താല്പര്യം പ്രകടിപ്പിച്ചിരുന്നു. കർഷക സംഘത്തിന്റേയും വിവിധ ട്രേഡ് യൂണിയനുകളുടേയും പ്രവർത്തനങ്ങളിൽ ആദ്യകാലം മുതൽ വ്യാപൃതനായിരുന്ന ഡോ.റാവു 'ജനതാ രംഗഭൂമി' പോലുള്ള സാംസ്കാരിക സംഘടനകളിലും സജീവമായി പ്രവർത്തിച്ചു. ഡോ.സുബ്ബറാവുവിന്റെ നിര്യാണം പുരോഗമന പ്രസ്ഥാനങ്ങൾക്ക് കനത്ത നഷ്ടമാണുണ്ടാക്കിയിരിക്കുന്നത്.

ഇ. പി. ഈപ്പൻ:

പ്രജാ സോഷ്യലിസ്റ്റ് പാർട്ടിയുടെ പ്രവർത്തകനായി രാഷ്ട്രീയ രംഗത്തേയ്ക്ക് കടന്നുവന്ന ഇ. പി. ഈപ്പൻ ഒന്നാം കേരള നിയമസഭയിൽ അംഗമായിരുന്നു. തിരുവനന്തപുരം ഒന്നാം നിയോജകമണ്ഡലത്തിന്റെ പ്രതിനിധിയായിരുന്ന ഈപ്പൻ 1950-ലും അതേ മണ്ഡലം നിലനിർത്തി. 1954 മുതൽ തിരുവനന്തപുരം കോർപ്പറേഷൻ കൗൺസിലറായിരുന്ന അദ്ദേഹം 1961-ൽ മേയറായി തെരഞ്ഞെടുക്കപ്പെട്ടു. വിദ്യാഭ്യാസകാലത്തുതന്നെ കായികരംഗത്ത് വ്യക്തിമുദ്ര പതിപ്പിച്ചിട്ടുള്ള ഈപ്പൻ

LIBRARY ARCHIVES Kerala Legislative Assembly

ആൾ ഇന്ത്യ ഫുട്ബോൾ ഫെഡറേഷന്റെ സെലക്ഷൻ കമ്മിറ്റി അംഗമായും ബാഡ്മിന്റൺ അസോസിയേഷൻ പ്രസിഡന്റായും പ്രവർത്തിച്ചിട്ടുണ്ട്. വിവിധ ട്രേഡ് യൂണിയനുകളുടെ നേതൃസ്ഥാനവും അദ്ദേഹം വഹിച്ചിരുന്നു. ഇ. പി. ഈപ്പന്റെ നിര്യാണംമൂലം ആദ്യകാല സോഷ്യലിസ്റ്റുകളിൽ പ്രമുഖനായ ഒരു നേതാവിനെയാണ് നഷ്ടമായിരിക്കുന്നത്.

പി. കെ. ശങ്കരൻകുട്ടി:

സ്റ്റുഡന്റ്സ് കോൺഗ്രസ്സിലൂടെ രാഷ്ട്രീയ പ്രവർത്തനത്തിന് തുടക്കം കുറിച്ച പി. കെ. ശങ്കരൻകുട്ടി 1950-ൽ സോഷ്യലിസ്റ്റ് പാർട്ടിയിൽ അംഗത്വം സ്വീകരിച്ചു. പിൽക്കാലത്ത് ജനതാപാർട്ടി രൂപീകൃതമായപ്പോൾ അദ്ദേഹം അതിന്റെ കോഴിക്കോട് ജില്ലാ സെക്രട്ടറിയും സ്റ്റേറ്റ് കമ്മിറ്റി അംഗവുമായി. 1977-ൽ ബാലുശ്ശേരി നിയോജക മണ്ഡലത്തിൽനിന്ന് അദ്ദേഹം കേരള നിയമസഭയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ടു. കാലിക്കറ്റ് സർവ്വകലാശാല സിൻഡിക്കേറ്റ്, മിനിമം വേജസ് ബോർഡ്, ഖാദി ബോർഡ് എന്നിവയിൽ അംഗമായിരുന്നു. വിവിധ തൊഴിലാളി സംഘടനകളുടെ നേതൃത്വം വഹിച്ചിരുന്ന ശങ്കരൻകുട്ടി ജനതാദൾ സംസ്ഥാന വൈസ് പ്രസിഡന്റായും പ്രവർത്തിച്ചിട്ടുണ്ട്. പൊതുജീവിതത്തിൽ ഉടനീളം സോഷ്യലിസ്റ്റ് ആശയങ്ങൾ മുറുകെപ്പിടിക്കാൻ കഴിഞ്ഞ ഒരു നേതാവായിരുന്നു പി. കെ. ശങ്കരൻകുട്ടി.

എ. ജോർജ്ജ്:

1960-ൽ കോൺഗ്രസ്സ് പ്രവർത്തകനായാണ് എ. ജോർജ്ജ് രാഷ്ട്രീയ ജീവിതം ആരംഭിച്ചത്. പാർട്ടിയിലുണ്ടായ പിളർപ്പിനെത്തുടർന്ന് കേരളാ കോൺഗ്രസ്സ് രൂപീകൃതമായപ്പോൾ അദ്ദേഹം പ്രസ്തുത പാർട്ടിയുടെ ജില്ലാ കമ്മിറ്റി പ്രസിഡന്റും ഇലക്ഷൻ കമ്മിറ്റി അംഗവുമായി. 1982-ൽ ജോർജ്ജ് പത്തനാപുരം നിയോജക മണ്ഡലത്തിൽനിന്ന് കേരള നിയമസഭയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ടു. കൊല്ലം ജില്ലാ വികസന സമിതി അംഗം, സ്റ്റേറ്റ് ട്രാൻസ്പോർട്ട് അതോറിറ്റി അംഗം, കെ.ടി.ഡി.സി. ചെയർമാൻ എന്നീ നിലകളിലും അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്. പതിനാലു വർഷക്കാലം പത്തനാപുരം പഞ്ചായത്ത് വൈസ് പ്രസിഡന്റായിരുന്ന അദ്ദേഹം അവിടെ ഒരു പബ്ളിക് ലൈബ്രറി സ്ഥാപിക്കുന്നതിൽ നിർണ്ണായകമായ പങ്ക് വഹിച്ചു. ജോർജ്ജ് ഒരു മികച്ച സഹകാരികൂടിയായിരുന്നു. കേരളാ കോൺഗ്രസ്സിന്റെ ആദ്യകാല നേതാക്കളിൽ ഒരാളെയാണ് എ. ജോർജ്ജിന്റെ നിര്യാണത്തിലൂടെ നഷ്ടമായിരിക്കുന്നത്.

ശ്രീവല്ലഭമേനോൻ:

മുൻ തിരു-കൊച്ചി എം.എൽ.എ. ശ്രീവല്ലഭമേനോൻ അവിഭക്ത കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ മുന്നണിപ്പോരാളികളിൽ ഒരാളായിരുന്നു. 1952-ൽ അദ്ദേഹം വടക്കേക്കര നിയോജകമണ്ഡലത്തിൽനിന്ന് നിയമസഭയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ടു. ഒട്ടേറെ ബഹുജനപ്രക്ഷോഭങ്ങൾക്ക് നേതൃത്വം കൊടുത്തിട്ടുള്ള മേനോൻ അടുത്തകാലത്തായി

LIBRARY ARCHIVES Kerala Legislative Assembly

സജീവ രാഷ്ട്രീയത്തിൽനിന്ന് വിട്ടുനിൽക്കുകയായിരുന്നു. ശ്രീവല്ലഭമേനോന്റെ നിര്യാണത്തോടെ സ്വാതന്ത്ര്യ സമര സേനാനികളുടെ തലമുറയിലെ അവസാനത്തെ കണ്ണികളിൽ ഒന്നാണ് അറ്റുപോയിരിക്കുന്നത്.

കെ. കെ. രാമകൃഷ്ണൻ:

ഉദ്യോഗം രാജിവച്ച് പൊതുജീവിതത്തിലേയ്ക്ക് കടന്നുവന്ന കെ. കെ. രാമകൃഷ്ണൻ 1952-ൽ ഞാറയ്ക്കൽ നിയോജകമണ്ഡലത്തിൽനിന്ന് തിരു-കൊച്ചി നിയമസഭയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ടു. പള്ളിപ്പുറം പഞ്ചായത്ത് ഭരണസമിതി അംഗം, ചെറായി വിജ്ഞാനവർദ്ധിനി സഭയുടെ പ്രസിഡന്റ് എന്നീ നിലകളിലും അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്. അറിയപ്പെടുന്ന ഒരഭിഭാഷകൻ കൂടിയായിരുന്നു കെ. കെ. രാമകൃഷ്ണൻ.

അന്തരിച്ച മഹത്വ്യക്തികളോടുള്ള ആദരസൂചകമായി നമുക്ക് അല്പസമയം എഴുന്നേറ്റു നിൽക്കാം.

(അന്തരിച്ച മഹത്വ്യക്തികളോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അല്പനേരം എഴുന്നേറ്റുനിന്ന് മൗനം ആചരിച്ചു.)

V ശ്രദ്ധക്ഷണിക്കൽ

(1) ബി. എഡ്. കേന്ദ്രങ്ങൾ അടച്ചു പൂട്ടിയതിനെത്തുടർന്ന് വിദ്യാർത്ഥികൾ നേരിടുന്ന ബുദ്ധിമുട്ടുകൾ

ശ്രീ. പി. സി. ജോർജ്: സർ, കേരളത്തിലെ ഉന്നത വിദ്യാഭ്യാസ മേഖലയ്ക്ക് ചുക്കാൻ പിടിക്കുന്ന നമ്മുടെ യൂണിവേഴ്സിറ്റികൾ കാണിക്കുന്ന ചില ക്രമക്കേടുകളിലേക്കാണ് ഞാൻ ഈ സഭയുടെ ശ്രദ്ധക്ഷണിക്കാൻ ആഗ്രഹിക്കുന്നത്.

നമ്മുടെ സംസ്ഥാനത്ത് മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയുടെ കീഴിൽ 12 10.00 A. M.] ബി.എഡ്. സെന്ററുകളാണുള്ളത്. കേരളാ യൂണിവേഴ്സിറ്റിയുടെ കീഴിൽ 11-ഉം കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ കീഴിൽ 10-ഉം ബി.എഡ്. സെന്ററുകൾ ഉണ്ട്. ഫലത്തിൽ ഈ 33 ബി.എഡ്. സെന്ററുകളും പൂട്ടപ്പെട്ട നിലയിലാണ്. ഈ വർഷം എം.ജി. യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള 12 സെന്ററുകളിലും വിദ്യാർത്ഥികളിൽ നിന്നും അപേക്ഷ ക്ഷണിക്കുകയും 2100 വിദ്യാർത്ഥി-വിദ്യാർത്ഥിനികളെ ചേർക്കുകയും പഠനം ആരംഭിക്കുകയും ചെയ്തു. ഒരു മാസം കഴിഞ്ഞപ്പോൾ യൂണിവേഴ്സിറ്റി ബി.എഡ്. സെന്ററുകൾ പൂട്ടി. കേരളാ-കാലിക്കറ്റ് യൂണിവേഴ്സിറ്റികളിൽ അപേക്ഷ വാങ്ങിച്ചു വച്ചിരിക്കുന്നു. വിദ്യാർത്ഥികളെ പ്രവേശിപ്പിച്ചിട്ടില്ല. എൻ.സി.റ്റി.ഇ.-യുടെ നിബന്ധന പാലിക്കാതെ യൂണിവേഴ്സിറ്റി പോകുന്നതുകൊണ്ടാണ് ബി.എഡ്. സെന്ററുകളിൽ സൗകര്യം വർദ്ധിപ്പിച്ച് എൻ.സി.റ്റി.ഇ. പറഞ്ഞതനുസരിച്ചുള്ള മാനദണ്ഡം സ്വീകരിച്ചു പോകാൻ

LIBRARY ARCHIVES Kerala Legislative Assembly